# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3912 — 19.03.2018 ലെ മറുപടിയ്ക്ക്

## സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ് ഉയർത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. ആന്റണി ജോൺ<br>'' കെ. ബാബു<br>'' പി.ടി. എ. റഹീം | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക മികവ് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കുവാനും അക്കാദമിക നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാനും ലക്ഷ്യമിടുന്നു.<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള 9 എൻജിനീയറിംഗ് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ, ലാബ്/ വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ശാക്തീകരണം/കോ-എക്സ്ട്രാ കരിക്കുലർ പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങളുടെ പൂർത്തീകരണം, എന്നിവയിലൂടെ പഠന പ്രക്രിയ പൂർണതയിലെത്തിച്ച് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരമുയർത്താനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ജലം, മലിനജലം സംസ്കരണം, ഊർജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജ ഉൽപാദനവും വിനിയോഗവും, ഇവയ്ക്കുള്ള സാങ്കേതിക വിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ ഇവയിൽ ശ്രദ്ധ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കാനും ലക്ഷ്യമിടുന്നു. |

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്റ്റ് ഡിസൈൻ & ഡവലപ്പ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എൻജിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡവലപ്പ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്.

വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇന്റസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. ദേശീയ അന്തർ ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ട്- അപ് മിഷനുമായി സഹകരിച്ച് നടപ്പാക്കി വരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ പുനർജ്ജനി പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പു വരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. പഠന പ്രക്രിയയുടെ നിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ /അന്തർദേശീയ സെമിനാറുകളും വർക്ക് ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2018-19-ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 'ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ' സ്ഥാപിക്കാനുദ്ദേശിക്കുന്നു.

| | | |
|---|---|---|
| | | ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡൻസ് സാറ്റലൈറ്റ്' രൂപകല്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഇതിന്റെ തുടർച്ചയായി എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) വിദ്യാർത്ഥികളിലെ സംരംഭക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ നിലവിൽ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിലാണ് ആരംഭിച്ചിട്ടുള്ളത്; | (ബി) | കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം, സർക്കാർ എൻജിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം, എന്നിവിടങ്ങളിലും തൃശ്ശൂർ, ശ്രീകൃഷ്ണപുരം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) പുതുതായി ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ? | (സി) | പുതുതായി ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിൽ, മറ്റ് നാല് എൻജിനീയറിംഗ് കോളേജുകളുടെ മാതൃകയിൽ, വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സെന്റർ ഫോർ ബാംബൂ റിസർച്ച്, ട്രാൻസ്ലേഷണൽ ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്റർ, ട്രാൻസ്ലേഷണൽ എഞ്ചിനീയറിംഗിൽ ദ്വിവത്സര എം.ടെക്, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആട്ടോമോട്ടീവ് മെക്കട്രോണിക്സ് തുടങ്ങിയ പ്രത്യേക പദ്ധതികൾ തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനീയറിംഗ് കോളേജിൽ നടത്തി വരുന്നു. പൊതു വികസന പ്രവർത്തനങ്ങൾക്കായി റവന്യൂ ശീർഷകത്തിൽ 12 കോടി രൂപയും പൊതുമരാമത്ത് പ്രവർത്തനങ്ങൾക്ക് മൂലധന ശീർഷകത്തിൽ അഞ്ച് കോടി രൂപയും നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ